# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2239** — **04.11.2019 - ൽ മറുപടിക്ക്.**

## ഇ പോസ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ വിതരണം മാന്വൽ ആയി നടത്താൻ വകുപ്പ് അനുമതി നൽകാറുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം അനുമതി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രളയം തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിൽ റേഷൻ വിതരണം മുടങ്ങാതിരിക്കാൻ മാനുവൽ ആയി വിതരണം നടത്താൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിരലടയാളം, ഒ.റ്റി.പി. എന്നിവ മുഖേന വിതരണം സാദ്ധ്യമാകാത്ത സാഹചര്യങ്ങളിലും മാനുവൽ ആയി വിതരണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇ പോസ് സംവിധാനം നിലവിൽ വന്നശേഷം ഏതൊക്കെ മാസങ്ങളിൽ ഇപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കണക്ടിവിറ്റി തകരാർ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി മാനുവൽ ആയി റേഷൻ വിതരണം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇ പോസ് മെഷീൻ ഇടക്കിടെ തകരാറിലാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | കണക്ടിവിറ്റി പ്രശ്നവും സാങ്കേതിക തകരാറുകളും ആണ് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**